## ഭിന്നശേഷിക്കാരായ കുട്ടികൾക്ക് കരുതലിന്റെ തണലൊരുക്കി ബഡ്സ് സ്കൂൾ

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമായി തുടരുമ്പോൾ പത്തനംതിട്ട ജില്ലയിൽ ബഡ്സ് സ്കൂളിലെ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളെ കരുതലോടെ ചേർത്തു പിടിക്കുകയാണ് കുടുംബശ്രീ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചു നടപ്പാക്കുന്ന ബഡ്സ് സ്കൂൾ വിദ്യാർത്ഥികൾക്ക് അവരുടെ മാനസിക ബൗദ്ധിക വികാസം ലക്ഷ്യമിട്ടു കൊണ്ട് ലോക്ക് ഡൗൺ കാലത്തും നിരവധി പ്രവർത്തനങ്ങളാണ് കുടുംബശ്രീ നടപ്പാക്കുന്നത്.

ജില്ലയിൽ മലയാലപ്പുഴ, പെരിനാട്, പള്ളിക്കൽ, പത്തനംതിട്ട മുനിസിപ്പാലിറ്റി, പന്തളം മുനിസിപ്പാലിറ്റി, പന്തളം തെക്കേക്കര, കുളനട എന്നിവിടങ്ങളിലായി ആകെ ഏഴു ബഡ്സ് സ്കൂളുകളാണ് പ്രവർത്തിക്കുന്നത്. 244 കുട്ടികകളാണ് ആകെയുള്ളത്. ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്നത് പള്ളിക്കൽ ബഡ്സ് സ്കൂളിലാണ്. 75 കുട്ടികളാണ് ഇവിടെയുള്ളത്. ഓരോ ബഡ്സ് സ്കൂളിലും പഠിക്കുന്ന കുട്ടികളുടെ ബൗദ്ധിക നിലവാരവും മാനസിക വളർച്ചയുമനുസരിച്ച് വ്യക്തിഗത പ്ലാനുകൾ തയ്യാറാക്കിയാണ് കുട്ടികളെ പരിശീലിപ്പിക്കുന്നത്. ഈ മേഖലയിൽ ആവശ്യമായ യോഗ്യതകൾ നേടിയ അദ്ധ്യാപകരുടെ സേവനം ഓരോ സ്കൂളിലും ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ സംസ്ഥാനത്ത് ലോക്ക് ഡൗൺ ആരംഭിച്ചതോടെ സ്കൂളുകൾ അടയ്ക്കുകയും കുട്ടികൾക്ക് അവരുടെ പ്രതിദിന ആക്റ്റിവിറ്റികൾ മുടങ്ങുമെന്ന അവസ്ഥയും വന്നതോടെയാണ് ഇവർക്കായി പ്രത്യേക കരുതൽ നൽകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കാൻ കുടുംബശ്രീ സംസ്ഥാനതല നിർദേശം വന്നത്. കുട്ടികൾക്ക് ഇവർക്ക് മാനസികോല്ലാസം നൽകുന്നതിനുള്ള പ്രത്യേക ആക്റ്റിവിറ്റികൾ നൽകുന്നതിനാണ് ലക്ഷ്യമിട്ടത്.

ബഡ്സ് സ്കൂളിലെ വിദ്യാർത്ഥികളുടെ മാനസിക ബൗദ്ധിക നിലവാരം വിവിധ തലത്തിലുള്ളതാണ്. അതിനാൽ തന്നെ എല്ലാ ആക്ടിവിറ്റികളും എല്ലാ കുട്ടികൾക്കും ചെയ്യാനുള്ള കഴിവില്ല. അതുകൊണ്ട് വ്യക്തിഗത പ്ലാൻ അനുസരിച്ചാണ് ഓരോ കുട്ടിയും ബഡ്സ് സ്കൂളിൽ പരിശീലനം നേടുന്നത്. തുടർച്ചയായി ആക്ടിവിറ്റികൾ ചെയ്യാതിരിക്കുന്നത് കാരണം കണ്ടും കേട്ടും ചെയ്തും പഠിക്കുന്ന പല കാര്യങ്ങളും കുട്ടികൾ മറന്നു പോകാനിടയുണ്ട്. ഇത് അവരുടെ ബുദ്ധി വികാസത്തിന് തടസമാകും എന്നു മനസിലാക്കി കൊണ്ടാണ് ഇവർക്ക് വീട്ടിലിരുന്ന് ചെയ്യാവുന്ന ആക്ടിവിറ്റികൾ അദ്ധ്യാപികമാരുടെ സഹായത്തോടെ നടപ്പാക്കുന്നത്.

എല്ലാ ദിവസവും രാവിലെ കുട്ടികളുടെ രക്ഷിതാക്കളെ വിളിച്ച് അവർ അന്നു ചെയ്യേണ്ട കാര്യങ്ങൾ എന്താണെന്നു ബഡ്സ് സ്കൂൾ അധ്യാപകർ പറഞ്ഞു കൊടുക്കും. ഓരോ കുട്ടികളിലും പ്രത്യേക ശ്രദ്ധയൂന്നി വ്യത്യസ്ത പ്രവർത്തനങ്ങളാണ് ചെയ്യാൻ ഏൽപ്പിക്കുന്നത്. മാതാപിതാക്കളുടെയോ, മറ്റു കുടുംബാംഗങ്ങളുടെയോ സഹായത്തോടെ ചെയ്യാവുന്ന പ്രവർത്തനങ്ങളാണ് ഇവർക്ക് നൽകുന്നത്. ചിത്ര രചന, പത്ര വായന, അക്ഷരങ്ങളുടെ പഠനം, സംഗീത പഠനം, തയ്യൽ പഠനം, സ്വയം പര്യാപ്തത നേടാനുള്ള വിവിധ പരിശീലനങ്ങൾ, അടുക്കളജോലിക്ക് ഒപ്പം കൂട്ടുക, കൃഷിപ്പണികൾ, കലാപരിപാടികൾ എന്നിവ ചെയ്യിക്കുക ഇങ്ങനെ നിരവധി പ്ലാനുകളാണ് ഓരോ കുട്ടിയുടെയും ശാരീരികവും മാനസികവുമായ കഴിവുകൾ അനുസരിച്ച് അദ്ധ്യാപകർ നൽകിയത്. സംസാരശേഷി കുറവായ കുട്ടികൾക്ക് അമ്മയെ അടുക്കള ജോലികളിൽ സഹായിക്കുക. മുറ്റം അടിക്കുക, പച്ചക്കറികൾ നടുക,

തുണികൾ അടുക്കി വയ്ക്കുക എന്നീ ആക്ടിവിറ്റികൾ നൽകിയതിലൂടെ അവർക്ക് വളരെയധികം ആഹ്ളാദം നേടിക്കൊടുക്കാൻ സാധിച്ചു.

കുട്ടികളുടെ ഐ.ക്യൂ അനുസരിച്ചുള്ള ആക്ടിവിറ്റികൾ നൽകുന്നതിനും അദ്ധ്യാപകർ പ്രത്യേക ശ്രദ്ധ നൽകുന്നു. പള്ളിക്കൽ ബഡ്സ് സ്കൂളിലെ രഞ്ചു പത്രക്കടലാസ് കൊണ്ട് മനോഹരമായ ഫ്ളവർവേസ് ഉണ്ടാക്കിയപ്പോൾ കാർത്തിക കടലാസു കൊണ്ടു പൂക്കൾ വിരിയിച്ചു. രാഹുൽ പഴയ കുപ്പികൾ ശേഖരിച്ച് അതിൽ പെയിന്റു ചെയ്ത് മനോഹരമായ കലാരൂപമാക്കി. അഷ്ന മുറ്റത്തു നിന്നും ഓലമടൽ ശേഖരിച്ച് മുറ്റമടിക്കാനും വീട് തൂത്തുവാരാനുമുള്ള ചൂലുണ്ടാക്കി കൊടുത്ത് അമ്മയെ സഹായിച്ചു. അജ്മൽ പച്ചക്കറിയും ശിവപ്രസാദ് മീൻവളർത്തലുമാണ് ചെയ്യുന്നത്. ശിവപ്രസാദിന് പശുപരിപാലനവും രേഷ്മയ്ക്ക് യോഗ പരിശീലനവും രാജേഷിനു കൃഷിയും നിതിഷ്, വഹാബ് എന്നിവർക്ക് പേപ്പർ കവർ നിർമാണവും രതിക്ക് ക്രാഫ്റ്റ് വർക്കും ഡാൻസ് പരിശീലനവും ചെയ്തപ്പോൾ മറ്റു കുട്ടികൾ പടം വരച്ചും കളർ ചെയ്തും പകൽ സമയം ഫലപ്രദമായി വിനിയോഗിച്ചു. പാട്ടും ഡാൻഡും ഇഷ്ടമുള്ള കുട്ടികൾക്ക് അത് മുടങ്ങാതെ പരിശീലിക്കാനുള്ള നിർദേശവും ഉണ്ട്. ലോക്ക് ഡൗൺ കാലത്ത് കുട്ടികൾ ചെയ്യുന്ന വിവിധ ആക്ടിവിറ്റികളിൽ അവരുടെ രക്ഷിതാക്കളും സന്തുഷ്ടരാണ്. ബഡ്സ് സ്കൂളിലെ പരിശീലനമാണ് തങ്ങളുടെ കുട്ടികളിലെ കഴിവുകൾ കണ്ടെത്തുന്നതിനും വളർത്താനും സഹായിച്ചതെന്ന് എല്ലാ രക്ഷിതാക്കളും ഒരേ സ്വരത്തിൽ പറയുന്നു.

പഠനവുമായി ബന്ധപ്പെട്ട് കുട്ടികൾ വീട്ടിൽ ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങളും അദ്ധ്യാപകരും അനദ്ധ്യാപകരും ചേർന്ന് വിലയിരുത്തുകയും ചെയ്യുന്നുണ്ട്. ജില്ലയിലെ

ഏഴു ബഡ്സ് സ്കൂളിലും പഠിക്കുന്ന വിദ്യാർത്ഥികളുടെ ഓരോ ദിവസത്തെയും വിവരങ്ങൾ അതത് സ്കൂൾ അദ്ധ്യാപകർ മുഖേന ശേഖരിച്ച് സാമൂഹ്യ നീതി വകുപ്പിനും നൽകുന്നുണ്ട്. കൂടാതെ എല്ലാ ദിവസവും രക്ഷിതാക്കളെ വിളിച്ച്  കുട്ടികളുടെ മരുന്ന് ഭക്ഷണം എന്നീ കാര്യങ്ങൾ അന്വേഷിച്ചറിയുകയും ചെയ്യുന്നു. എന്തെങ്കിലും ആവശ്യങ്ങളുണ്ടെങ്കിൽ അത് കുടുംബശ്രീ മുഖേനയോ തദ്ദേശ സ്ഥാപനങ്ങൾ വഴിയോ എത്തിച്ചു കൊടുക്കുന്നു. ഭിന്നശേഷിക്കാരായ കുട്ടികളുടെ മാതാപിതാക്കൾക്ക് കൗൺസിലിങ്ങ് ആവശ്യമുണ്ടെങ്കിൽ കുടുംബശ്രീ കമ്മ്യൂണിറ്റി കൗൺസിലർമാർ വഴി അതും ലഭ്യമാക്കുന്നു.